# STD - V

## അദ്ധ്യാപക സഹായി

## പാഠം – നാല്     കർത്താവിന്റെ ദിനം     ഭാഗം – ഒന്ന്

### ലക്ഷ്യം

ഇസ്രായേൽ ജനം ആഴ്ചയിൽ ഒരു ദിവസം ദൈവാരാധനയ്ക്കായി നീക്കിവച്ചിരുന്ന ദിനമാണ് സാബത്ത്. ദൈവം ആറുദിസം കൊണ്ട് സൃഷ്ടികർമ്മം പൂർത്തിയാക്കി ഏഴാം ദിവസം വിശ്രമിച്ചതിന്റെ അടിസ്ഥാനത്തിൽ ഏഴാം ദിവസം കർത്താവിന്റെ ദിനമായി മാറി. സാബത്തിന്റെ സ്ഥാനത്ത് ആദിമ ക്രൈസ്തവർ ഞായറാഴ്ച വിശുദ്ധദിനമായി ആചരിച്ചു.

കർത്താവിന്റെ വിശുദ്ധദിനമായ ഞായറാഴ്ച ഭക്തിപൂർവ്വം ആചരിക്കുകയും നന്മപ്രവൃത്തികൾ അനുഷ്ഠിക്കുകയും ചെയ്യും.

### പഠനസഹായികൾ

* വചനം – ഉൽപ. 2:23, പുറപ്പ. 20:8–10
* ചാർട്ട് – മൂന്നാം പ്രമാണം
* CCC - 2168, 2169, 2175 (Page No. 529-531) സാബത്തുദിവസം. കർത്താവിന്റെ ദിനം
* CCC - 2189, 2190, 2192 (Page No. 535) ഞായറാഴ്ച സാബത്തിന്റെ പൂർത്തീകരണം
* ചിത്രങ്ങൾ – സീനായ് മലയിൽ ദൈവകല്പനകളുമായി നിൽക്കുന്ന മോശ, യേശുവിന്റെ ഉത്ഥാനചിത്രം
* വീഡിയോ – സൃഷ്ടികർമ്മം – യൂട്യൂബ്

### പാഠത്തിന്റെ ഉള്ളടക്കം

* ദൈവം ആറു ദിവസംകൊണ്ട് സൃഷ്ടികർമ്മം പൂർത്തിയാക്കി ഏഴാം ദിവസം വിശ്രമിച്ചു.
* സീനായ് മലയിൽ ഇസ്രായേൽ ജനവും ദൈവവുമായുള്ള ഉടമ്പടി
* ഇസ്രായേൽ ജനം ആഴ്ചയിൽ ഒരുദിവസം ദൈവാരാധനയ്ക്കായി നീക്കിവച്ചു. ആ ദിവസത്തെ അവർ സാബത്ത് എന്ന് വിളിച്ചു.
* സാബത്ത് വിശുദ്ധദിനമായി ആചരിക്കണം. ആറുദിവസം അദ്ധ്വാനം, ഏഴാം ദിവസം – നിന്റെ ദൈവമായ കർത്താവിന്റെ സാബത്ത് ദിനമാണ്. അത് ദൈവത്തിനുവേണ്ടി മാത്രമുള്ളതാണ്.

* യഹൂദന്മാർ സാബത്ത് വളരെ കർശനമായി നടപ്പാക്കിയിരുന്നു (പുറപ്പ. 20:8-10) കർശനമായ ഈ നിയമം ജനജീവിതം ദുസ്സഹമാക്കിയിരുന്നു.
* എന്നാൽ യേശു പറഞ്ഞു: "സാബത്ത് മനുഷ്യനുവേണ്ടിയാണ്; മനുഷ്യൻ സാബത്തിനു വേണ്ടിയല്ല." (മർക്കോ. 12:27)
* ആദിമ ക്രൈസ്തവർ സാബത്തിന്റെ സ്ഥാനത്ത് ഞായറാഴ്ച വിശുദ്ധദിനമായി ആചരിച്ചു.
* ഞായറാഴ്ചകളിൽ അപ്പസ്തോലന്മാരോടൊപ്പം വചനം ശ്രവിക്കുകയും അപ്പം മുറിക്കൽ ശുശ്രൂഷയിൽ പങ്കെടുത്ത് തങ്ങൾക്കുള്ളതെല്ലാം മറ്റുള്ളവരുമായി പങ്കുവച്ചുകൊണ്ട് സുവിശേഷ പ്രഘോഷണം നടത്തി.

## പ്രാർത്ഥന

സൃഷ്ടാവായ നല്ല ദൈവമേ, കർത്താവിന്റെ ദിനമായ ഞായറാഴ്ച വിശുദ്ധിയിൽ മറ്റുള്ളവർക്ക് നന്മ ചെയ്തുകൊണ്ടും അങ്ങയെ ആരാധിച്ചുകൊണ്ടും ജീവിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കേണമേ. ആമ്മേൻ

## ചോദ്യങ്ങൾ

1. സാബത്തിന്റെ അടിസ്ഥാനം എന്തായിരുന്നു?
2. സാബത്താചരണം ഇസ്രായേൽ ജനത്തിന് ദുസ്സഹമാകാൻ കാരണമെന്ത്?
3. സാബത്തിനെക്കുറിച്ച് മർക്കോസ് 2:27 വാക്യത്തിൽ യേശു എന്താണ് പറഞ്ഞത്?
4. ആദിമ ക്രൈസ്തവർ ഏതു ദിവസമാണ് വിശുദ്ധദിനമായി ആചരിക്കാൻ തിരഞ്ഞെടുത്തത്?
5. ആദിമ ക്രൈസ്തവർ എപ്രകാരമാണ് കർത്താവിന്റെ വിശുദ്ധദിനം ആചരിച്ചത്?

# STD - V

## അദ്ധ്യാപക സഹായി

## പാഠം – നാല് കർത്താവിന്റെ ദിനം ഭാഗം – രണ്ട്

### ലക്ഷ്യം

നമ്മെ സൃഷ്ടിച്ച്, പരിപാലിച്ച്, കുരിശുമരണവും ഉത്ഥാനവും വഴി നമുക്ക് നിത്യജീവൻ നൽകിയ ദൈവത്തെ ആരാധിക്കുവാനും, സ്തുതിക്കുവാനും, അറിയുവാനും, ദൈവവുമായി ആഴമുള്ള ബന്ധത്തിൽ വളരുവാനും, എല്ലാവരോടും സ്നേഹബന്ധത്തിലായിരിക്കുവാനും, പുണ്യപ്രവൃത്തികൾ ചെയ്യുവാനും ദൈവം നൽകിയ ഓർമ്മദിനമാണ് ഞായറാഴ്ച.

കർത്താവിന്റെ ദിനത്തിൽ അർപ്പിക്കുന്ന പരിശുദ്ധകുർബാനയിൽ കുമ്പസാരിച്ച് ഒരുക്കത്തോടെ പങ്കെടുക്കുകയും, ദിവ്യകാരുണ്യം സ്വീകരിച്ച്, ക്രിസ്തുവിനെ പ്രഘോഷിക്കുകയും, തങ്ങൾക്കുള്ളതെല്ലാം മറ്റുള്ളവരുമായി പങ്കുവച്ചുകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യും.

### പഠന സഹായികൾ

* വചനം – നിമയാ. 5:12, ഏശയ്യാ. 56:2, അപ്പ. 2:42, മത്തായി. 5:23,24
* CCC - 1166, 1167 (Page- 301, 302) (കർത്താവിന്റെ ദിവസം)
* ചിത്രങ്ങൾ – ദൈവാലയത്തിൽ ദിവ്യബലിയിൽ പങ്കെടുക്കുന്ന വിശ്വാസിസമൂഹം – കുമ്പസാരം, ആദ്യകുർബാന സ്വീകരണം.

### പാഠത്തിന്റെ ഉള്ളടക്കം

* കർത്താവിന്റെ ദിനം ആചരണത്തിലൂടെ നമ്മൾ പെസഹ രഹസ്യം ആചരിക്കുന്നു. ദൈവാരാധനയിൽ പങ്കുചേരുന്നു.
* ദൈവത്തോടും മനുഷ്യരോടും അനുരഞ്ജനപ്പെടുന്നു.
* വിശ്വാസപരിശീലനത്തിൽ പങ്കുചേരുന്നു.
* മറ്റുള്ളവരുമായി സമ്പത്തും സമയവും പങ്കുവയ്ക്കുന്നു.
* കാരുണ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* സഹോദരരോട് രമ്യതപ്പെട്ടുകൊണ്ട് ബലിയർപ്പണത്തിൽ പങ്കെടുക്കുക.
* വേണ്ടത്ര ശ്രദ്ധയോടും, ഭക്തിയോടും, ഒരുക്കത്തോടും കൂടെ കുർബാനയിൽ പങ്കുകൊള്ളണം
* ഞായറാഴ്ച വിശുദ്ധദിനമായി ആചരിക്കുമ്പോൾ ദൈവവും മനുഷ്യനുമായിട്ടുള്ള ബന്ധത്തിൽ ആഴപ്പെടുകയും ശക്തിപ്പെടുകയും ചെയ്യുന്നു.

## പ്രാർത്ഥന

കർത്താവായ ദൈവമേ, ഞായറാഴ്ചകളിൽ മുഴുവൻ കുർബാനയിൽ പങ്കുകൊള്ളുവാനും, പ്രാർത്ഥനകൾ ഉച്ചത്തിൽ ചൊല്ലി അങ്ങയെ സ്തുതിക്കുവാനും വിശുദ്ധിയിൽ ജീവിക്കുവാനും വേണ്ട കൃപ നൽകി ഞങ്ങളെ അനുഗ്രഹിക്കണമേ. ആമ്മേൻ

## ചോദ്യങ്ങൾ

1. ബലിയർപ്പണത്തിൽ നമുക്കുണ്ടായിരിക്കേണ്ട മനോഭാവം എന്ത്?
2. മുഴുവൻ കുർബാനയിൽ പങ്കുകൊള്ളുക എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
3. ദൈവബന്ധത്തിൽ വളരാനും, കുടുംബവും, സാമൂഹികവുമായ ബന്ധം ദൃഢമാക്കാനും സഹായിക്കുന്ന ദിനമേത്?
4. ഞായറാഴ്ച എപ്രകാരം വിശുദ്ധമായി ആചരിക്കാം? ഏതെങ്കിലും നാല് കാര്യങ്ങൾ എഴുതുക?
5. കർത്താവിന്റെ ദിനം ആചരിക്കുന്നതിലൂടെ നാം എന്തെല്ലാം ചെയ്യുന്നു? വിശദീകരിക്കുക.